**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3450 — 22-08-2017 ൽ മറുപടിയ്ക്ക്

## കാസർഗോഡ് ബദിയഡുക്കയിൽ അഗ്നിശമനസേനാ യൂണിറ്റ് തുടങ്ങാൻ നടപടി

| ചോദ്യം<br>**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | മറുപടി<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| എ) | കോഴിക്കോട് അഗ്നിശമനസേനാ ഡിവിഷൻ പരിധിയിൽ ഏറ്റവും കൂടുതൽ അപായങ്ങൾ ഉണ്ടാകുന്നത് ഏത് യൂണിറ്റിലാണെന്ന് വ്യക്തമാക്കാമോ; | എ) കാസർഗോഡ് |
| ബി) | കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര അപായ വിളികളാണ് കാസർഗോഡ് അഗ്നിശമനസേനാ യൂണിറ്റിൽ എത്തിയതെന്നും ഏതെല്ലാം കാര്യങ്ങൾക്കായിരുന്നു ഈ വിളികളെന്നും വ്യക്തമാക്കാമോ; | ബി) 15.08.2016 മുതൽ 15.08.2017 വരെ കാസർഗോഡ് നിലയത്തിൽ നിന്നും ആകെ 550 അപായ വിളികൾ ( ഫയർ കാൾ 362, ഇൻസിഡന്റ് കാൾ 188) അറ്റൻഡ് ചെയ്തിട്ടുണ്ട്. വിവിധതരം തീപിടുത്തങ്ങൾ, ജലാശയങ്ങളിലെ അപകടങ്ങൾ (കിണർ, കുളം, പുഴ, കടൽ എന്നിവയിൽ മനുഷ്യർ, വളർത്തുമൃഗങ്ങൾ അകപ്പെടുന്നത്) റോഡപകടങ്ങൾ, പാചകവാതക ചോർച്ചയും തീപിടുത്തവും, മരംവീണ് ഉണ്ടാകുന്ന അപകടങ്ങൾ മുതലായവയുമായി ബന്ധപ്പെട്ട വിളികളാണ് നിലയത്തിൽ എത്തുന്നത്. |
| സി) | കാസർഗോഡ് അഗ്നിശമനസേനയ്ക്ക് രക്ഷാപ്രവർത്തനത്തിന് എത്ര കിലോമീറ്റർ ദൂരം വരെ സഞ്ചരിക്കേണ്ടിവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | സി) 50 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരാറുണ്ട്. |

| | | | |
|---|---|---|---|
| ഡി) | കാസർഗോഡ് യൂണിറ്റിൽ എത്ര തസ്തികകളാണ് ഉള്ളതെന്നും ഇതിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | ഡി) | കാസർഗോഡ് നിലയത്തിൽ ആകെ 47 തസ്തികകളാണുള്ളത്. |

| തസ്തികയുടെ പേര് | നിലവിലുള്ള തസ്തികകളുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ എണ്ണം |
|---|---|---|
| സ്റ്റേഷൻ ആഫീസർ | 1 | - |
| അസ്സിസ്റ്റന്റ് സ്റ്റേഷൻ ആഫീസർ | 1 | - |
| ഡ്രൈവർ മെക്കാനിക്ക് | 1 | 1 |
| ലീഡിംഗ് ഫയർമാൻ | 4 | - |
| ഫയർമാൻ ഡ്രൈവർ | 11 | 7 |
| ഫയർമാൻ | 28 | 4 |
| പാർട്ട് ടൈം സ്വീപ്പർ | 1 | - |
| **ആകെ** | **47** | **12** |

| | | | |
|---|---|---|---|
| ഇ) | ബദിയടുക്കയിൽ അഗ്നിശമന സേനാ യൂണിറ്റ് തുടങ്ങുന്നതിനു വേണ്ടി സ്ഥലം അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുസംബന്ധിച്ച തുടർനടപടികൾ ഏതുഘട്ടംവരെയായെന്ന് വ്യക്തമാക്കാമോ? | ഇ) | ബദിയടുക്കയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനായി ബേള വില്ലേജിലെ നീർച്ചാൽ എന്ന സ്ഥലത്ത് റീ സർവ്വെ നമ്പർ.348 ൽ 2 ഏക്കർ റവന്യൂ വകുപ്പ് ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറാൻ കാസർഗോഡ് ജില്ലാകളക്ടറോട് നിർദ്ദേശിച്ചിട്ടുള്ളതും ജില്ലാ കളക്ടറുടെ നിർദ്ദേശത്തെ തുടർന്ന് ഭൂമി കൈമാറ്റത്തിനുള്ള റിക്വസിഷൻ ഫോം ലഭ്യമാക്കിയിട്ടുള്ളതും ഈ സ്ഥലത്തിന്റെ അനുയോജ്യത വകുപ്പുതലത്തിൽ പരിശോധിച്ചു വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ